**പതിമൂന്നാം കേരള നിയമസഭ**

**ഒമ്പതാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 815 12-6-2013-ൽ മറുപടിക്ക്

**പഴയകുന്നുമ്മേൽ, കിളിമാനൂർ, ഒറ്റൂർ, മണമ്പൂർ പഞ്ചായത്തുകൾക്ക് കടിവെള്ളമെത്തിക്കുന്ന പദ്ധതി.**

ചോദ്യം

ശ്രീ. ബി. സത്യൻ

ഉത്തരം

ശ്രീ. പി.ജെ. ജോസഫ്
(ജലവിഭവ വകുപ്പ് മന്ത്രി)

(എ) ആറ്റിങ്ങൽ നിയോജക മണ്ഡലത്തിലെ പഴയകുന്നുമ്മേൽ, കിളിമാനൂർ, പഞ്ചായത്തുകൾക്ക് കുടിവെള്ളമെത്തിക്കുന്ന പദ്ധതിയുടെയും ഒറ്റൂർ, മണമ്പൂർ പഞ്ചായത്തുകൾക്ക് കുടിവെള്ളമെത്തിക്കുന്ന പദ്ധതിയുടെയും നിർമ്മാണ പ്രവർത്തനങ്ങൾ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കുമോ; .

(എ) ആറ്റിങ്ങൽ നിയോജക മണ്ഡലത്തിലെ പഴയകുന്നുമ്മേൽ, കിളിമാനൂർ എന്നീ പഞ്ചായത്തുകൾക്ക് കുടിവെള്ളമെത്തിക്കുന്ന പദ്ധതിയുടെ ഭാഗമായിട്ടുള്ള പ്രവൃത്തികളെ 7 പാക്കേജുകളായി തിരിച്ചിരിക്കുന്നു.

ഒന്നാമത്തെ പാക്കേജിൽ വരുന്ന റാ വാട്ടർ ക്ലിയർ വാട്ടർ പമ്പിംഗ് മെയിനുകൾ സപ്ലൈ ചെയ്ത സ്ഥാപിക്കുന്ന പണിയുടെയും, കൈലാസംകുന്ന് GLSR-ന്റെ പണിയുടെയും എഗ്രിമെന്റുകൾ വച്ച GLSR ന്റെ പണി തുടങ്ങിക്കഴിഞ്ഞു. പൈപ്പ് ലൈൻ പണി തുടങ്ങാൻ KSTP റോഡ് കട്ടിംഗ് അനുമതി ലഭിക്കേണ്ടതുണ്ട്.

രണ്ടാമത്തെ പാക്കേജിൽ വരുന്ന ഇരട്ടച്ചിറയിലെ 8.77 mld ജലശുദ്ധീകരണ ശാലയുടെ പണി പുരോഗമിക്കുന്നു. 50% പണി പൂർത്തിയായിക്കഴിഞ്ഞു.

മൂന്നാമത്തെ പാക്കേജിൽ വരുന്ന സോൺ 3-ലേക്കുള്ള ജലവിതരണ ശൃംഖലയുടെ പണി 50% പൂർത്തിയായി. പണി പുരോഗമിച്ച വരുന്നു.

നാലാമത്തെ പാക്കേജിൽ വരുന്ന സോൺ 1 ലേക്കുള്ള ജലവിതരണ ശൃംഖലയുടെയും, കടൽകാണി കുന്നിലെ GLSR -ന്റെ പണിയുടെയും എഗ്രിമെന്റ് വച്ച് പണി തുടങ്ങുന്നതിനു വേണ്ട നടപടികൾ സ്വീകരിച്ചിട്ടുണ്ട്. നാലാമത്തെ പാക്കേജിൽ വന്ന വ്യതിയാനം മൂലമുള്ള ക്ലിയർ വാട്ടർ ട്രാൻസ്മിഷൻ മെയിനിന്റെയും ജലവിതരണ ശൃംഖലയുടെയും ടെണ്ടർ പരിശോധനയിലാണ്.

അഞ്ചാമത്തെ പാക്കേജിൽ വരുന്ന വാമനപുരം നദിയിൽ കാരേറ്റിനടുത്തായി സ്ഥാപിക്കുന്ന വെൽ-കം പമ്പ് ഹൗസിന്റെയും തട്ടത്തുമല സംപ്-കം-പമ്പ് ഹൗസിന്റെയും പണി പുരോഗമിക്കുന്നു. 15% പണി പൂർത്തിയായി. സോൺ-2 ലേക്കുള്ള ജലവിതരണ ശൃംഖലക്കുള്ള പൈപ്പുകൾ സപ്ലൈ ചെയ്തു കഴിഞ്ഞു.

ആറാമത്തെ പാക്കേജിലുള്ള വാമനപുരം നദിയിൽ കാരേറ്റ് ബ്രിഡ്ജിനടുത്തായി തടയണ നിർമ്മിക്കുന്ന പണിയുടെയും, ഏഴാമത്തെ പാക്കേജിൽ വരുന്ന പമ്പ് സെറ്റ് ട്രാൻസ് ഫോർമർ സപ്ലൈ ചെയ്തു സ്ഥാപിക്കുന്ന പണിയുടെയും എസ്റ്റിമേറ്റ് തയ്യാറാക്കി വരുന്നു.

ഒറ്റൂർ, മണമ്പൂർ പഞ്ചായത്തുകൾക്ക് കുടിവെള്ളമെത്തിക്കുന്ന പദ്ധതിയിലെ ബാക്കി പണികളിൽ ഒറ്റൂർ പഞ്ചായത്തിനു വേണ്ടിയുള്ള ജലവിതരണ ശൃംഖലയുടെ പണി 98% പൂർത്തിയാക്കി ജലവിതരണം തുടങ്ങിക്കഴിഞ്ഞു. മണമ്പൂർ പഞ്ചായത്തിനു വേണ്ടിയുള്ള ജലവിതരണ ശൃംഖലയുടെ പൈപ്പുകൾ സപ്ലൈ ചെയ്തു പണി പുരോഗമിക്കുന്നു. 5% പണികൾ പൂർത്തിയായി.

| | |
|---|---|
| (ബി) പ്രസ്തുത പദ്ധതികൾ എന്ന് പൂർത്തിയാക്കുവാനാണ് തീരുമാനിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; | (ബി) പഴയകുന്നുമ്മേൽ, കിളിമാനൂർ പഞ്ചായത്തുകൾക്കു വേണ്ടിയുള്ള പദ്ധതി 2015 മാർച്ചിൽ പൂർത്തിയാക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. ഒറ്റൂർ, മണമ്പൂർ പഞ്ചായത്തുകൾക്കു വേണ്ടിയുള്ള കുടിവെള്ള പദ്ധതി 2013 ഡിസംബറോടു കൂടി കമ്മീഷൻ ചെയ്യാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. |
| (സി) പ്രസ്തുത പദ്ധതികൾക്ക് ഇതുവരെ എത്ര തുക ചെലവഴിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ? | (സി) പഴയകുന്നുമ്മേൽ, കിളിമാനൂർ വില്ലേജുകൾക്കു വേണ്ടിയുള്ള പദ്ധതിക്കായി ഇതുവരെ 471.02 ലക്ഷം രൂപ ചെലവായി. ഒറ്റൂർ, മണമ്പൂർ പഞ്ചായത്തുകൾക്കു വേണ്ടിയുള്ള കുടിവെള്ള പദ്ധതി ഫേസ് -1 നായി 608.81 ലക്ഷം രൂപ ചെലവായി. |

സെക്ഷൻ ഓഫീസർ